## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 6338 20.11.2019 ൽ മറുപടിക്ക്

# സംസ്ഥാനത്തെ ലേബർ കോർട്ടുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ് | ശ്രീ.ടി. പി. രാമകൃഷ്ണൻ<br>(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ലേബർ കോർട്ടുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അത് ഫലപ്രദമാണോയെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ ലേബർ കോടതികളിൽ ഓരോ മാസവും തീർപ്പാക്കാനുള്ളതും തീർപ്പാക്കിയതുമായ കേസുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കി പ്രവർത്തനം വിലയിരുത്താറുണ്ട്. സംസ്ഥാനത്തെ ലേബർ കോടതികളുടെ നിലവിലെ പ്രവർത്തനം ഫലപ്രദമാണെന്ന് കാണുന്നു. |
| (ബി) ചെറിയ തൊഴിൽ പ്രശ്നം പോലും പരിഹരിക്കുന്നതിന് വർഷങ്ങൾ എടുക്കുന്ന സ്ഥിതിവിശേഷം തൊഴിലാളികൾക്ക് സാമ്പത്തികമായും മാനസികമായും ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഇക്കാര്യത്തിൽ എന്ത് നടപടി യാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) ജില്ലാ ലേബർ ഓഫീസർ തലത്തിലും, ലേബർ കമ്മീഷണർ തലത്തിലും തീർപ്പാകാതെ അഡ്ജ്യൂഡിക്കേഷന് വേണ്ടി ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാകുന്ന തൊഴിൽ തർക്ക കേസുകൾ 1947 ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 12(4) പ്രകാരം ലേബർ കോടതികൾക്കും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾക്കും മൂന്ന് മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന വ്യവസ്ഥയോടെ യഥാസമയം തന്നെ ഉത്തരവ് നല്കാറുണ്ട്. |
| സി) ലേബർ കോർട്ടുകളുടെ എണ്ണം വർദ്ധിപ്പിച്ചും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തിയും തൊഴിൽ സംബന്ധമായ കേസുകൾ അതിവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) ലേബർ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ